"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് -കാഴ്ച വൈകല്യമുള്ള അഭിഭാഷകർക്ക് നൽകി വരുന്ന എക്സ്ഗ്രേഷ്യ , റീഡേഴ്സ് അലവൻസ്, കാലാവധി എന്നിവ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.42/2022/SJD തീയതി,തിരുവനന്തപുരം, 25-02-2022

പരാമർശം:- 1. 18.04.2013ലെ സ.ഉ(സാധാ)നം.180/2013/സാനീവ നമ്പർ ഉത്തരവ്

2. 05.12.2015ലെ സ.ഉ(സാധാ)നം.707/2015/സാ.നീ.വ ഉത്തരവ്

3. സാമൂഹ്യ നീതി ഡയറക്ടറുടെ 27.5.2021-ലെ SJD-192-2021-D5 നമ്പർ കത്ത്

ഉത്തരവ്

സാമൂഹ്യനീതി വകുപ്പ് മുഖേന കാഴ്ചവൈകല്യമുള്ള അഭിഭാഷകർക്ക് അനുവദിച്ചവരുന്ന എക്സ്ഗ്രേഷ്യാ 2,500/- രൂപയിൽ നിന്നും 3,000/- രൂപയായും, റീഡേഴ്സ് അലവൻസ് 1,000/- രൂപയിൽ നിന്നും 3,000/- രൂപയായും വർധിപ്പിച്ച് പരാമർശം (1) പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നു . രണ്ടു വർഷത്തിനു ശേഷം പരാമർശം (2) ഉത്തരവു പ്രകാരം റീഡേഴ്സ് അലവൻസ് 3,000/- രൂപയിൽ നിന്നും 4,000/- രൂപയായും, വരുമാന പരിധി 18,000/- രൂപ ഒരു ലക്ഷം രൂപയായും, കാലാവധി 5 വർഷത്തിൽ നിന്നും 8 വർഷമായും വർധിപ്പിച്ച് ഉത്തരവു പുറപ്പെടുവിച്ചിരുന്നു .ടി നിരക്കുകൾ കഴിഞ്ഞ അഞ്ചു വർഷത്തിലധികമായി റിവൈസ് ചെയ്തിട്ടില്ലെന്നും ആയതിനാൽ കാഴ്ച വൈകല്യമുള്ള അഭിഭാഷകർക്ക് നൽകി വരുന്ന എക്സ്ഗ്രേഷ്യാ 3,000/- രൂപയിൽ നിന്നും 3,500/- രൂപയായും, പ്രതിമാസ റീഡേഴ്സ് അലവൻസ് 4,000/- രൂപയിൽ നിന്നും 5,000/- രൂപയായും, കാലാവധി 8 വർഷത്തിൽ നിന്നും 10 വർഷമായും വർധിപ്പിക്കാവുന്നതാണെന്ന് സാമൂഹ്യ നീതി ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഴ്ച വൈകല്യമുള്ള അഭിഭാഷകർക്ക് നൽകി വരുന്ന എക്സ്ഗ്രേഷ്യാ 3,000/- രൂപയിൽ നിന്നും 3,500/- രൂപയായും, പ്രതിമാസ റീഡേഴ്സ് അലവൻസ് 4,000/- രൂപയിൽ നിന്നും 5,000/- രൂപയായും, കാലാവധി 8 വർഷത്തിൽ നിന്നും 10 വർഷമായും ഒരു ലക്ഷം രൂപ എന്ന വരുമാന പരിധിയ്ക്ക് വിധേയമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല എസ്
ജോയിന്റ് സെക്രട്ടറി

- ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
- ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, തിരുവനന്തപുരം

സ.ഉ.(സാധാ) നം.42/2022/SJD

- അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
- ധനകാര്യ വകുപ്പ് (Vide U.O note WW-WW2/16/2014-FIN dated 18.01.2022)
- ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
- സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Jasmin Thomas

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്